## ലാഭപ്രഭ പദ്ധതിയുടെ മൂന്നാം ഘട്ടം

13(2051) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭ പ്രഭ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(ബി) മൂന്നാം ഘട്ടത്തിൽ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) വൈദ്യുതി ഉപഭോഗവുമായി ബന്ധപ്പെട്ട ഇ-വേസ്റ്റ് ശേഖരിക്കാനും റീ-സൈക്കിൾ ചെയ്യാനും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി 2013 മാർച്ച് 23-ന് തുടക്കം കുറിച്ച ലാഭപ്രഭ എന്ന ബൃഹത്തായ പ്രചാരണ പരിപാടി 2014-ലും തുടർന്നു. വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ വേണ്ടി, ഊർജ്ജ സംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള ബൃഹത്തായ ഊർജ്ജ സംരക്ഷണ പ്രചാരണ പരിപാടിയാണ് ലാഭപ്രഭ. 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 1 പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 139101 പേർക്ക് സി.എഫ്.എൽ. ലാമ്പുകൾ സൗജന്യമായി നൽകിയിട്ടുണ്ട്. കാമ്പയിൻ പീരിയഡിൽ ഉദ്ദേശം 2280750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 27385 പേർ തങ്ങളുടെ ഉപഭോഗത്തിൽ കാര്യമായ കുറവ് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് സൗരോർജ്ജ റാന്തലുകൾ അതാത് സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു.

GPM. 2/243/2020-12

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണം തേടി എന്നതാണ് ലാഭപ്രഭ സീസൺ II പദ്ധതിയുടെ സവിശേഷത. പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുകയും അതുവഴി ഗണ്യമായ ഊർജ്ജലാഭം നേടിയ സ്കൂളുകൾക്ക് ഗ്രിഡുമായി ബന്ധിപ്പിക്കുന്ന 5 കി. വാട്ട് സൗരോർജ്ജ പ്ലാന്റ് നൽകുവാനും പങ്കെടുത്ത ലാഭപ്രഭ കോ-ഓർഡിനേറ്റർമാരായ എല്ലാ അദ്ധ്യാപകർക്കും ഓരോ സൗരോർജ്ജ റാന്തൽ നൽകുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ദൃശ്യ-ശ്രവ്യ-മാധ്യമങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ലാഭപ്രഭ പദ്ധതിയുടെ സന്ദേശം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതിയിൽ സമ്മാനാർഹരായവരെ ഊർജ്ജ സംരക്ഷണ അംബാസഡർമാരായി നിയോഗിച്ച് സ്കൂളുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, എൻ.എസ്.എസ്., എൻ.സി.സി. പഞ്ചായത്തുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) വീടുകളിലെ വൈദ്യുതി ഉപഭോഗം കാര്യക്ഷമവും ലാഭകരവുമാക്കുക എന്ന ലക്ഷ്യത്തോടെ ഓരോ വീട്ടിലും 3 വർഷം വാറന്റിയുള്ള 9 വാട്ടിന്റെ 2 എൽ.ഇ.ഡി. ബൾബുകൾ സൗജന്യ നിരക്കിൽ ലഭ്യമാക്കാനാണ് ലാഭപ്രഭ മൂന്നാം ഘട്ടത്തിൽ പ്രധാനമായും ഉദ്ദേശിക്കുന്നത്. മൊത്തം 150 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഈ പദ്ധതി നടപ്പിലാവുന്നതോടെ പ്രതിവർഷം ഏകദേശം 400 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭവും പീക് സമയത്ത് വൈദ്യുതി ആവശ്യകതയിൽ 350 മെഗാവാട്ടിന്റെ കുറവും വീടുകളിൽ ഏകദേശം 7 യൂണിറ്റ് വൈദ്യുതി പ്രതിമാസം ലാഭിക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ന് കമ്പോളത്തിൽ 400 രൂപയിലധികം വിലയുള്ള എൽ.ഇ.ഡി. ബൾബ് ഈ പദ്ധതി പ്രകാരം 95 രൂപയ്ക്ക് ഉപഭോക്താവിന് നൽകുന്നതാണ്. 1000 വാട്ട്സിൽ താഴെ കണക്കെഡ് ലോഡും പ്രതിമാസം 40 യൂണിറ്റിൽ താഴെ ഉപഭോഗവുമുള്ള 6 ലക്ഷം കുടുംബങ്ങൾക്ക് എൽ.ഇ.ഡി. ബൾബുകൾ സൗജന്യമായി നൽകും. പ്രതിമാസം ഏകദേശം 25 ലക്ഷം ബൾബുകൾ എന്ന രീതിയിൽ 2016 മെയ്-ജൂൺ മാസത്തോടെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വിതരണം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാർ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (EESL) ഗുണമേന്മയും വാറന്റിയും ഉറപ്പാക്കി നൽകുന്ന എൽ.ഇ.ഡി. ബൾബുകൾ കെ.എസ്.ഇ.ബ. സ്റ്റോറുകൾ മുഖേന നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളുടെയിടയിൽ ഊർജ്ജക്ഷമതയുള്ള വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹനമായി ലാഭപ്രഭ സീസൺ 3 മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) 11-8-2015-ലെ ബോർഡ് ഉത്തരവ് പ്രകാരം തൊഴ പറയുന്ന 3 കമ്പനികളിൽ നിന്നും ക്വട്ടേഷൻ വാങ്ങി അതിൽ കൂടിയ വില ഓഫർ ചെയ്യുന്ന കമ്പനിക്ക് വൈദ്യുതി ഉപഭോഗവുമായി ബന്ധപ്പെട്ട ഇ-വേസ്റ്റ് ശേഖരിച്ച് നശിപ്പിച്ചു കളയാൻ വിതരണ മേഖലയിലെ സ്ക്രാപ്പ് ഡിസ്പോസൽ കമ്മിറ്റിയിലെ കൺവീനർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(1) M/s. ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, എറണാകുളം

(2) M/s. അൽ അമീൻ ഇൻഡസ്ട്രീസ്, എറണാകുളം

(3) M/s. വേണാട് സ്റ്റീൽ കോർപ്പറേഷൻ, തിരുവനന്തപുരം വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിൽ ഇത് സംബന്ധിച്ച മറ്റ് സംവിധാനങ്ങൾ ഒന്നും നിലവിലില്ല.

**കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം**

14(2052) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള പവർ ഇപ്രൂവ്മെന്റ് സ്കീം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിതരണ മേഖല ശക്തിപ്പെടുത്തി പ്രസരണ, വിതരണ വാണിജ്യ നഷ്ടം കുറയ്ക്കുകയും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുകയും ചെയ്യാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) കേരളത്തിലെ 4 പുതിയ മുനിസിപ്പാലിറ്റികളിലും, 12 ടൗണുകളിലുമായി 45.79 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നല്കുകയും പണികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly